# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4140**     **24.10.2016-** ൽ മറുപടിയ്ക്ക്

### വിദേശ മലയാളികളുടെ ക്ഷേമം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കാരാട്ട് റസാഖ്**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. പി.കെ.ശശി** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) വിദേശ രാജ്യങ്ങളിൽ കാണാതാകുന്ന കേരളീയരെ കണ്ടെത്തുന്നതിനും അവിടെ മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും പ്രവാസി കേരളീയ കാര്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | എ) വിദേശരാജ്യങ്ങളിൽ കാണാതാകുന്ന കേരളീയരെ കണ്ടെത്തുന്നതിന് അപേക്ഷ ലഭിച്ചാലുടൻ കേന്ദ്ര വിദേശ കാര്യ വകുപ്പിനോടും പ്രസ്തുത രാജ്യത്തിലെ ഇന്ത്യൻ എംബസിയോടും ബന്ധപ്പെട്ട് കാണാതായ വ്യക്തിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് അപേക്ഷ ലഭിച്ചാലുടൻ പ്രസ്തുത രാജ്യത്തിലെ ഇന്ത്യൻ എംബസി യുമായി ബന്ധപ്പെട്ട് അടിയന്തിരമായി മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എംബസി മുഖേനയല്ലാതെ നാട്ടിൽ എത്തിക്കുന്ന മൃതദേഹങ്ങളുടെ കാര്യത്തിൽ, മരണമടഞ്ഞ പ്രവാസിയുടെ കുടുംബത്തിനോ, അയാളുടെ ബന്ധുക്കൾക്കോ മറ്റ് ധനാഗമ മാർഗങ്ങളില്ലാത്ത സാഹചര്യ ത്തിൽ നിബന്ധനകൾക്ക് വിധേയമായി കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000/- രൂപ സഹായമായി നൽകുന്നു. |
| ബി) വിദേശങ്ങളിലെ തൊഴിലുടമകളിൽ നിന്നും അർഹമായ വേതനവും നഷ്ടപരിഹാരവും നേടിയെടുക്കാൻ എന്തെല്ലാം സഹായങ്ങളാണ് നല്കി വരുന്നത്; | ബി) വിദേശ രാജ്യങ്ങളിലെ തൊഴിലുടമകളിൽ നിന്നും പ്രവാസി മലയാളികൾക്ക് അർഹമായ വേതനവും നഷ്ടപരിഹാരവും നേടിയെടുക്കുന്ന തിനായി സംസ്ഥാന സർക്കാർ കേന്ദ്ര വിദേശ കാര്യ വകുപ്പ്, അതാത് രാജ്യങ്ങളിലെ ഇന്ത്യൻ |

എംബസി എന്നിവരുടെ സഹായം അഭ്യർത്ഥിക്കുകയും ആയതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

എംബസി മുഖാന്തിരം തൊഴിൽ കോടതിയിലും മറ്റ് കോടതികളിലും ആ രാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമായി വ്യവഹാരങ്ങൾ ഫയൽ ചെയ്ത് അവയിൽ വാദം നടത്തി തീർപ്പുണ്ടാക്കുന്നതിന് എംബസി മുഖാന്തിരം നിയമ സഹായം നല്കി വരുന്നു. ഇതിനായി പദ്ധതി ഇനത്തിൽ 'പ്രവാസി ലീഗൽ എയിഡ് സെൽ എന്ന ശീർഷകത്തിൽ സർക്കാർ ഈ വർഷം ഒരു ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഗൾഫ് നാടുകളിലേക്കും മറ്റുമുള്ള അനധികൃത റിക്രൂട്ടിംഗ് തടയുന്നതിനും വിദേശത്ത് തൊഴിൽ തേടുന്നവരുടെ വിസയുടെ നിജ സ്ഥിതി പരിശോധിച്ച് അറിയിക്കുവാനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ ? | സി) | വിദേശ രാജ്യങ്ങളിലേക്കുള്ള അനധികൃത റിക്രൂട്ടിംഗ് തടയുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യ 2015 ആഗസ്റ്റ് മുതൽ 18 ഇ.സി.ആർ രാജ്യങ്ങളിലേക്ക് നഴ്സ്, വീട്ടു ജോലി എന്നിവയ്ക്കായി സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള അനുമതി സ്റ്റേറ്റ് റൺ ഏജൻസികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. നോർക്ക റൂട്ട്സ്, ODPEC എന്നിവയാണ് കേരളത്തിലെ ഏജൻസികൾ. ഈ ഏജൻസികൾ എംബസികൾ, കേന്ദ്ര സർക്കാരിന്റെ വിദേശ കാര്യ വകുപ്പ്, എമിഗ്രേഷൻ, കേന്ദ്ര അന്വേഷണ ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വിദേശത്തു പോകുന്നതിനുമുമ്പ് പ്രസ്തുത രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളെക്കുറിച്ചും ഗാർഹിക ജോലിക്കാർക്കുള്ള അവകാശങ്ങളെ ക്കുറിച്ചുമുള്ള വിശദമായ മാർഗ്ഗ നിർദ്ദേശം നല്കുന്നുണ്ട്.<br>1983 ലെ എമിഗ്രേഷൻ ആക്ട് പ്രകാരം 50 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി സമർപ്പിക്കുന്ന റിക്രൂട്ടിംഗ് ഏജൻസിക്ക് മാത്രമാണ് രജിസ്ട്രേഷൻ നല്കുന്നത്. ഇത്തരത്തിൽ രജിസ്റ്റേർഡ് ആയിട്ടുള്ള ഏജന്റുമാർ വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന വ്യക്തികളുടെ വിസയുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പുവരുത്താൻ ബാധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാത്ത ഏജന്റുമാരുടെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുകയോ ക്യാൻസൽ |

ചെയ്യുകയോ ചെയ്യാറുണ്ട്. വിദേശ തൊഴിൽ ദാതാക്കൾക്കും ഇ-മൈഗ്രേറ്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതോടൊപ്പം വിദേശ തൊഴിൽ ദാതാക്കളിൽ നിന്നും നേരിട്ട് വിസ സ്വീകരിക്കുന്ന ഇ.സി.ആർ. പാസ്പോർട്ട് ഉള്ള വ്യക്തികളുടെ വിസകൾ ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾ സാക്ഷ്യപ്പെടുത്താറുണ്ട്.

**സെക്ഷൻ ഓഫീസർ**